**23127669**

23127669

Reg. No.................................

Name....................................

# B.A. DEGREE (C.B.C.S.) EXAMINATION, OCTOBER 2023

## Third Semester

Kathakali Chenda

CD3CRT05–EVOLUTION OF KATHAKALI MELAM

(2017 Admission onwards)

Time : Three Hours | Maximum Marks : 80

## Part A

*Answer any* **ten** *short answer type questions* (1–12).
*Each question carries 2 marks.*

1. തക്കിട്ട-പാഠകൈയുടെ താളമെന്ത് ? ഈ പാഠകൈ സാധകം ചെയ്ത് ശീലിക്കുന്നതിന്റെ ഉദ്ദേശങ്ങളെന്തെല്ലാം ? വിവരിക്കുക.
2. 1930-ൽ കേരള കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത് എവിടെ വച്ച് ? അതിന് മുൻകൈ എടുത്തവരാരെല്ലാം ?
3. പാലക്കാടൻ തായമ്പക ശൈലിയുടെ സവിശേഷതകളെന്തെല്ലാം ? ആരാണ് ഈ ശൈലിയുടെ പ്രഥമ പ്രയോക്താവ് ?
4. ചെണ്ടയുടെ വലന്തലയിൽ പറ്റൊട്ടിക്കുന്നതെന്തിന് ? എത്ര പറ്റുകളാണ് ഒട്ടിക്കുക. പറ്റുകളുടെ എണ്ണമോ കനമോ കുറഞ്ഞാൽ എന്ത് സംഭവിക്കും ?
5. കോട്ടയത്തു തമ്പുരാന്റെ ആട്ടക്കഥകൾ മഹാഭാരതത്തിലെ കഥാഗതി അനുസരിച്ച് ക്രമമായി എഴുതുക.
6. പുറപ്പാട് ഒന്നാം നോക്കിന്റെ സാഹിത്യമെഴുതി അവതരണ-മേളക്രമം വിവരിക്കുക.
7. വാഴേങ്കട കുഞ്ചുനായർ, കോട്ടക്കൽ കൃഷ്ണൻകുട്ടി നായർ, കോട്ടക്കൽ വാസു നെടുങ്ങാടി, കോട്ടക്കൽ പരമേശ്വരൻ നമ്പൂതിരി, ഗുരുവായൂർ കുട്ടൻ മാരാർ, കോട്ടക്കൽ കൃഷ്ണൻകുട്ടി, പാലൂർ അച്ചുതൻ നായർ, കലാമണ്ഡലം ഈശ്വര വാര്യർ, വാഴേങ്കട ഗോവിന്ദ വാര്യർ, വാളകം ഗോപാലപിള്ള എന്നീ ആചാര്യന്മാർ കഥകളിയുടെ ഏതേത് മേഖലകളിൽ പ്രശസ്തരായവരായിരുന്നു ?
8. കരീന്ദ്രൻ എന്ന അപരനാമത്തിലറിയപ്പെടുന്ന ആട്ടക്കഥാകൃത്താര് ? ഏതാണദ്ദേഹം രചിച്ച ആട്ടക്കഥ ?
9. കൈലാസ പർവ്വതമെടുത്ത് അമ്മാനമാടിയ രാവണനിൽ, ഭഗവാൻ ശ്രീപരമേശ്വരൻ പ്രസാദിക്കുവാൻ കാരണമെന്ത് ? എന്ത് നൽകിയാണ് ഭഗവാൻ രാവണനെ അനുഗ്രഹിച്ചത് ?
10. പുറപ്പാടിന്റെ എത്രാം നോക്കിൽ, എവിടെയാണ് കാലം തള്ളാൻ വാല് കൊട്ടേണ്ടത് ?അതിന്റെ വായ്ത്താരി എഴുതുക.
11. കള്ളച്ചൂതിൽ തോറ്റ് സർവ്വസ്വവും നഷ്ടപ്പെട്ട പാണ്ഡവന്മാരോട് ദുര്യോധനൻ ആവശ്യപ്പെട്ടതെന്ത് ?
12. ചൂതുകളി രംഗങ്ങളുള്ള ആട്ടക്കഥകളും സന്ദർഭങ്ങളും എഴുതുക.

(10 × 2 = 20)

## Part B

*Answer any* **six** *short essay type questions* (13–21).
*Each question carries* 5 *marks.*

13. 'x' അടി '–' വീച്ച് എന്നീ സംജ്ഞകളുപയോഗിച്ച്, ചെമ്പട പതിഞ്ഞകാലം രേഖപ്പെടുത്തി, പുറപ്പാട് മൂന്നാം നോക്കിന്റെ സാഹിത്യവും അവതരണ-മേള ക്രമവും എഴുതുക.
14. മേളപ്പദത്തിലെ പതിഞ്ഞ എണ്ണമായ, 'കണണണഗിക്കണണണഗിണ്ണകാം' എന്ന എണ്ണത്തിന്റെ വായ് താരി ഏറ്റിച്ചുരുക്കൽസഹിതമെഴുതുക.
15. മേളാചാര്യൻ ശ്രീമാൻ പല്ലശ്ശന ചന്ദ്രമന്നാടിയാർ അവർകളെക്കുറിച്ചും അദ്ദേഹത്തിന്റെ വാദന സവിശേഷതകളെക്കുറിച്ചും വിവരിക്കുക.
16. മേളാചാര്യൻ ശ്രീമാൻ കീഴ്പ്പടം കുമാരൻ നായർ അവർകളെക്കുറിച്ച് വിവരിക്കുക.
17. മേളപ്പദം കഥകളിയുടെ ചടങ്ങുകളിലൊന്നായി നിശ്ചയിക്കപ്പെട്ടതിന് കാരണമായി പറയപ്പെടുന്ന ഒരു കഥയുണ്ട് . എന്താണത് ?
18. കലാമണ്ഡലത്തിന്റെ സ്ഥാപകനായ മഹാകവി ആട്ടക്കഥാ സാഹിത്യശാഖക്ക് നൽകിയ സംഭാവനകളെക്കുറിച്ച് വിവരിക്കുക.
19. രാമനാട്ടത്തിന്റെ ആവിർഭാവത്തെകുറിച്ചും അവതരണ സമ്പ്രദായത്തെക്കുറിച്ചും വിവരിക്കുക.
20. സന്ധ്യകേളി മുതൽ പുറപ്പാട് വരെയുള്ള കഥകളിയുടെ ചടങ്ങുകളെക്കുറിച്ചും അവയുടെ ഉദ്ദേശങ്ങളെക്കുറിച്ചും വിവരിക്കുക.
21. കേളിയുടേയും മേളപ്പദത്തിന്റേയും ചെമ്പടവട്ടം മുതൽക്കുള്ള മേളക്രമം വിവരിച്ച് സാമ്യ വ്യത്യാസങ്ങൾ കണ്ടെത്തുക.

(6 × 5 = 30)

## Part C

*Answer any* **two** *long essay type questions* (22–25).
*Each question carries* 15 *marks.*

22. കേരളീയ വാദ്യകലാരൂപങ്ങളെക്കുറിച്ചും അവയുടെ ഘടനാപരമായ സവിശേഷത, കലാകാരന്മാർക്ക് ലഭിക്കുന്ന വാദന സ്വാതന്ത്ര്യം, മനോധർമ്മ സാധ്യതകൾ, ജനപ്രിയത എന്നീ കാര്യങ്ങളെക്കുറിച്ചും വിവരിക്കുക.
23. പുറപ്പാടിന്റേയും പകുതിപ്പുറപ്പാടിന്റേയും ശ്ലോകവും സാഹിത്യവും എഴുതി അവതരണ–മേളക്രമം വിവരിക്കുക.
24. നവമാധ്യമങ്ങളുടെ സജീവമായ ഇടപെടലുകൾ ക്ലാസ്സിക്കൽ-ദൃശ്യകലാരൂപങ്ങളുടെ വളർച്ചക്കും ജനപ്രിയതക്കും എത്ര കണ്ട് സഹായകരമാകും ? ഒരു കലാകാരൻ എന്ന നിലയിൽ നിങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കു വക്കുക.
25. കഥകളിയുടേയും മറ്റ് ക്ലാസ്സിക്കൽ ദൃശ്യകലാരൂപങ്ങളുടേയും ഇന്നലെകൾ-ഇന്ന്-വിവരിക്കുക. ഈ രംഗത്തു പ്രവർത്തിക്കുന്ന ഒരു കലാകാരൻ എന്ന നിലയിൽ ഇത്തരം കലാരൂപങ്ങളുടെ ഭാവിയെക്കുറിച്ച് നിങ്ങൾക്കുള്ള പ്രതീക്ഷകളും അഭിപ്രായങ്ങളും പങ്കു വക്കുക.

(2 × 15 = 30)